## പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 942

28.04.2017-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിദ്യാലയങ്ങളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കുക എന്ന് അറിയിക്കുമോ;

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) 2016-2021 കാലയളവിൽ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന പദ്ധതികളുടെ പ്രയോജനം ചാലക്കുടി നിയോജക മണ്ഡലത്തിനും ലഭ്യമാകുന്നതാണ്.

1) ഒരു ഹൈസ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടും.
2) ഒരു നീന്തൽക്കുളത്തിന്റെ നിർമ്മാണം.
3) ഒരു കലാ-കായിക-സാംസ്കാരിക പാർക്കിന്റെ നിർമ്മാണം.
4) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുക.

ഇവയെ കൂടാതെ വിവിധ സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി നവീകരണ പ്രവർത്തനങ്ങളും ജൈവ വൈവിദ്ധ്യ പാർക്കിന്റെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല വിവിധ എൽ.പി., യു.പി, എച്ച്.എസ്., വി.എച്ച്.എസ്. സ്കൂളുകളുടെ നവീകരണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ജൈവവൈവിധ്യോദ്യാനം, ലാബുകൾ എന്നിവ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ആദ്യഘട്ടമായി നടപ്പാക്കുക എന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ?

(ബി) & (സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. ഇതര നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചുവടെ ചേർക്കുന്ന വിദ്യാലയങ്ങളിൽ ജൈവവൈവിധ്യോദ്യാനം സ്ഥാപിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

- സെന്റ് ആന്റണീസ് കോൺവെന്റ് ഗേൾസ് യു.പി.എസ്, കോട്ടാട്ട്.
- സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂൾ, കുറ്റിക്കാട്.
- എം.എസ്.യു.പി.സ്കൂൾ, കൊരട്ടി
- എൽ.എസ്.എസ്.യു.പി.എസ്, വാലൂർ
- സെന്റ് ജോൺസ് കോൺവെന്റ് യു.പി.എസ്, കല്ലുത്തി.
- ഡോൺ ബോസ്കോ എൽ.പി.സ്കൂൾ, കൊടകര
- ഗവ.യു.പി.സ്കൂൾ, നായരങ്ങാടി.

സെക്ഷൻ ഓഫീസർ